അനുബന്ധ പെട്രോകെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്. ഇതുകൂടാതെ ഗെയിലിന്റെ ഗ്യാസ് പൈപ്പ്‌ലൈൻ പദ്ധതിയ്ക്കായി 3,000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിയ്ക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നിക്ഷേപ വിഹിതം ഇതര സംസ്ഥാനങ്ങളുടെ വിഹിതവുമായി താരതമ്യം ചെയ്യുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന വ്യവസായ സ്ഥാപനങ്ങൾ

90 (5895) ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയായിരുന്ന വ്യവസായ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നതിൽ, എത്രയെണ്ണം കരാറനുസരിച്ച് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർക്കുന്നതിനുമുമ്പ് ലഭ്യമായിരുന്ന ലാഭത്തേക്കാൾ മെച്ചം ഇത്തരത്തിൽ ലയിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) കരാറനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് നിലവിൽ അധികാരമുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു :

- TELK-NTPC-യുമായി ചേർന്നുള്ള സംയുക്ത സംരംഭ കരാർ-സംയുക്ത സംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്ന കമ്പനിക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കാത്തതാണ് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

- സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും-തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുണ്ടായ കാലതാമസം കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

- KEL BHEL-യുമായി ചേർന്നുള്ള സംയുക്ത സംരംഭ കരാർ- ഭെല്ലും കെല്ലിന്റെ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല.

(ബി) TELK NTPC സംയുക്ത സംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മെച്ചപ്പെട്ടലാഭം നേടിയിരുന്നെങ്കിലും തുടർ വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. മറ്റു രണ്ട് സംയുക്ത സംരംഭങ്ങൾക്കും ലയിപ്പിച്ചതിനുശേഷം കരാർ പ്രകാരമുള്ള പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തികമാകാത്തതിനാൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല

(സി) TELK NTPC, SAIL-SCL എന്നിവയുടെ പ്രവർത്തനങ്ങൾ മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിലും തുടർ നടപടികളിലും വിലയിരുത്താറുണ്ട്.

(ഡി) ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SAIL-SCL-ൽ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്ന പദ്ധതി ഇതിനകം തന്നെ പൂർത്തീകരിച്ചു. ഉടൻ തന്നെ വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതാണ്. ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക മെഷിനറികളും ടെസ്റ്റിംഗ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും NTPC-യുടെയും ധനകാര്യസ്ഥാപനങ്ങളുടെയും ധനസഹായത്തോടുകൂടി 25 കോടി രൂപയുടെ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

കാസർഗോഡ് സ്ഥിതിചെയ്യുന്ന സംയുക്ത സംരംഭമായ BHEL-EML-ന് കൂടുതൽ നിക്ഷേപവും കമ്പനിയുടെ വികസനത്തിന് പുതിയ സാങ്കേതികവിദ്യയും കൂടുതൽ ഓർഡറുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ബഹു. കേന്ദ്ര ഖന വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന്മേൽ ഭെല്ലിന്റെ ആഭ്യന്തര ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും സാമഗ്രികളും BHEL EML-ൽ നിന്നും ലഭ്യമാക്കുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സഹായം നൽകുക, ഉൽപ്പന്നങ്ങളുടെ വ്യത്യസ്തമായ ഉപയോഗം അവയുടെ വിപണന സാധ്യത, പുതിയ ഉൽപ്പന്നങ്ങൾ എന്നീ വിഷയങ്ങളിൽ നിലവിൽ ഭെൽ സഹായം നൽകി വരുന്നുണ്ടെന്നും BHEL-EML ലാഭമുണ്ടാക്കുന്നമുറയ്ക്ക് കമ്പനിയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതാണ് എന്ന് BHEL മാനേജ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ടെന്നും കേന്ദ്ര ഖന വ്യവസായ മന്ത്രി അറിയിച്ചിട്ടുണ്ട്.

ഗെയിൽ പൈപ്പിടൽ പദ്ധതി

91 (5896) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹിം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഗെയിൽ പൈപ്പിടൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഏതെല്ലാംതലത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഗെയിലിന്റെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതുമൂലം കൊച്ചിയിലെ LNG ടെർമിനലിന് അതിന്റെ പ്രവർത്തനശേഷി പൂർണ്ണതോതിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമൂലം ടി കമ്പനിക്ക് പ്രതിവർഷം 398 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്.

ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ട്. പദ്ധതി പൂർത്തിയാക്കി ദേശീയ വാതക പൈപ്പ്ലൈൻ ശൃംഖലയുമായി യോജിപ്പിക്കാത്തപക്ഷം ഇന്ത്യയിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന താരതമ്യേന

LIBRARY ARCHIVES Kerala Legislative Assembly